# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 159

12/02/2013 - ൽ മറുപടിക്ക്

## ഡീസൽവില വർദ്ധനവുമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

**ചോദ്യം**

ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. വി.എസ്. സുനിൽകുമാർ
ശ്രീ. കെ. അജിത്ത്
ശ്രീ. ഇ.കെ. വിജയൻ

(എ) വില നിയന്ത്രണം എടുത്തുകളഞ്ഞതുമൂലമുണ്ടായ ഡീസൽ വില വർദ്ധന സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഏതുവിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) കേരള തീരത്ത് ആകെ എത്ര ഡീലർ പമ്പുകളും കൺസ്യൂമർ പമ്പുകളും പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ വില നിയന്ത്രണത്തിനു മുമ്പ് ഡീസലിനുണ്ടായിരുന്ന വിലയും ഇപ്പോഴത്തെ വിലയും താരതമ്യം ചെയ്യുമോ ?

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

(എ) ഡീസൽ വിലവർദ്ധനമൂലം മത്സ്യബന്ധന/ഉത്പാദന ചെലവ് വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മത്സ്യഫെഡിന്റെ അഴീക്കോട് (തൃശൂർ) ഉള്ള ഡീസൽ പമ്പ്, കൺസ്യൂമർ പമ്പാകയാൽ വില വർദ്ധനവിനെ തുടർന്ന് വിൽപ്പന നിർത്തിവയ്ക്കപ്പെട്ടിട്ടുണ്ട്.

(ബി) കേരളതീരത്ത് മത്സ്യഫെഡിന്റെ ആറ് പമ്പുകൾ ഉണ്ട്. അതിൽ 5 എണ്ണം ഡീലർ പമ്പുകളും ഒരെണ്ണം അഴീക്കോട് (തൃശൂർ) കൺസ്യൂമർ പമ്പുമാണ്. ഡീസൽ വിലയിലെ നിയന്ത്രണം മാറ്റിയതിനെ തുടർന്ന് അഴീക്കോടുള്ള കൺസ്യൂമർ പമ്പിൽ വിൽപ്പന നിർത്തിവെച്ചിരിക്കുകയാണ്. ഡീലർ പമ്പുകളിൽ നിന്നും വിതരണം ചെയ്യുന്ന

ഡീസലിന് ലിറ്റർ ഒന്നിന് പൊതുവിപണിയിലുണ്ടായ വിലവർദ്ധനവിലൂടെ 55 പൈസ വർദ്ധിച്ചിട്ടുണ്ട്. കൺസ്യൂമർ പമ്പുകൾ വഴി വിതരണം ചെയ്യുന്ന ഡീസലിന് ലിറ്ററിന് 49.09 രൂപയിൽ നിന്നും 60.09 രൂപയായി 11 രൂപ വർദ്ധിച്ചിട്ടുണ്ട്. ആയതിനാലാണ് മത്സ്യഫെഡിന്റെ കീഴിലുണ്ടായിരുന്ന ഒരു കൺസ്യൂമർ പമ്പുവഴിയുള്ള ഡീസൽ വിതരണം നിർത്തിവച്ചിരിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികളും അനുബന്ധത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ എന്തെല്ലാം ആശ്വാസ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(സി) സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം ധനസഹായം നൽകി വരുന്ന ട്രോൾ ബാൻ കാലയളവിൽ, സൗജന്യ റേഷൻ സിവിൽ സപ്ലൈസ് വകുപ്പ് വഴി നടപ്പിലാക്കുന്നു. കൂടാതെ ''തണൽ'' പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് ധന സഹായം നൽകുന്നതിനായി മത്സ്യക്ഷേമനിധി ബോർഡു വഴി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

Jayasree

സെക്ഷൻ ആഫീസർ.